

# അക്ഷര

# ശലഭങ്ങൾ

ലിറ്റിൽ കൈറ്റ്സ് 2019-20

## ഡിജിറ്റൽ മാഗസിൻ

## ജി. എച്ച്. എസ്. എസ്

## മീനടം



**2**



# ഉള്ളടക്കം

ആമുഖം
1. പ്രവേശനോത്സവം
2. പരിസ്ഥിതി ദിനം
3. വായന ദിനം
4. ഇലക്ഷൻ
5. സ്വാതന്ത്ര്യദിനം
6. ഓണാഘോഷം
7. പ്രിലിമിനറി ക്യാമ്പ്
8. ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്
9. മാതൃശാക്തികരണം
10. കലോത്സവം
11. പ്രതിഭയോടൊപ്പം
12 ക്രിസ്തുമസ് ആഘോഷം
14. കാളകൾ (കവിത)
15. ഓമനപ്പൂവി (ചെറു കവിത)
16. ചെറുകവിതകൾ
17. ശ്രീദേവ് (കവിതകൾ, കഥകൾ)

18 സർഗ്ഗശേഷിയും ഭിന്നശേഷിയും

19. ചിത്ര രചന (ഫെജിൻ,ജിജോ)

20.. ലിറ്റിൽ കൈറ്റ്സിലെ ശലഭങ്ങൾ

# ആമുഖം

മീനടം ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ  ലിറ്റിൽ കൈറ്റ്സ്  വിദ്യാർ ത്ഥികൾ  തയ്യാറാക്കിയ "അക്ഷര ശലഭം" എന്ന ഡിജിറ്റൽ മാഗസിൻ കഴിഞ്ഞ  ഒരു വർഷ  പ്രവർത്തനങ്ങളുടെ സമാഹരണമാണ്. ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭത്തിലൂടെ തുടക്കക്കാരായ വിദ്യാർത്ഥികൾ ആർജിച്ച കഴിവുകൾ ഈ മാഗസിനിലൂടെ പ്രകാശിപ്പിക്കാൻ ശ്രമിച്ചിരിക്കുകയാണ്. ഈ ശ്രമത്തിൽ പല തരത്തിലുള്ള തെറ്റുകുറ്റങ്ങളും സംഭവിച്ച പോയിട്ടുണ്ട് .ആദ്യ കാൽവയ്പ്പുകളുടെ പിഴവായി കണ്ട് സദയം ക്ഷമിക്കണമെന്ന്  അപേക്ഷിക്കുന്നു.

***ലിറ്റിൽ കൈറ്റ്സിലെ ശലഭങ്ങൾ***

# പ്രവേശനോത്സവം

പുതിയ അധ്യയനവർഷത്തെ സന്തോഷത്തോടെയാണ് സ്വഗതം ചെയ്തത്.

നവാഗതരെ പുസ്തകങ്ങളും സമ്മാനങ്ങളും നൽകി സ്വാഗതം ചെയ്തു.

**P.T.A പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. പ്രവേശനോത്സവത്തിന്റെ വിവിധഘട്ടങ്ങൾ ക്യാമറയിൽ പകർത്തുകയുണ്ടയി. ശ്രീമതി ലീലാമണി ടീച്ചർ സ്വാഗതം ആശംസിച്ചു . കുട്ടികൾക്ക് മധുരം നൽകി. ശ്രീമതി പ്രതിഭ പടനിലം കൃതജ്ഞത അർപ്പിച്ചു .**





# പരിസ്ഥിതി ദിനം

ജൂൺ 5   ലോക പരിസ്ഥിതി ദിനം .സ്കൂൾ പരിസരം

***വൃത്തിയാക്കി . അതോടൊപ്പം പ്ലാസ്റ്റിക്ക് ഉപയോഗം കുറക്കും എന്ന് തീരുമാനവും എടുത്തു . പരിസ്ഥിതി ദിന സന്ദേശം ശ്രീമതി ലീലാമണി ടീച്ചർ നൽകി***





•


World
Environment
Day, 5 June

# വായനാദിനം

**little kites ൻടെ ആഭിമുഖ്യത്തിൽ വായനദിനം ആചരിച്ചു.**

**ശ്രീദേവ് കവിതയെഴുതി ,വീണ ആലപിച്ചു. പി.എൻ.പണിക്കരെ സ്മരിച്ചു.വായന മത്സരം,ക്വിസ് മത്സരം എന്നിവ നടത്തി.മായ ടീച്ചർ വായനയുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിച്ചു.ഹെഡ് മിസ്ട്രസ് വായന ദിന സന്ദേശം നൽകി.**



# യോഗാദിനം


G.H.S.MEENADOM
അന്താരാഷ്ട്ര യോഗ ദിനാചരണം
ജൂൺ 21
ആയുഷ്ഗ്രാമം പദ്ധതി
Vivo V9
Dual Rear Camera


G.H.S.MEENADOM
Vivo V9
Dual Rear Camera

## ജൂൺ 21


★ 21st JUNE ★
WORLD YOGA DAY

# ഇലക്ഷൻ




ഓരോ ക്ലാസ്സിലും ലീഡർമാരെ തിരഞ്ഞെടുക്കുന്നതിനു വേണ്ടി ഇലക്ഷൻ നടത്തി. ഒരു ക്ലാസ്സിൽ മൂന്നു സ്ഥാനാർത്ഥികളാണ് നിന്നത്. ഇലക്ട്രോണിക്ക് വോട്ടിങ്ങ് മെഷിൻ ഉപയോഗിച്ചാണ് വോട്ടിങ്ങ് നടത്തിയത്. വളരെ വിജകരമായി തന്നെ ഇലക്ഷൻ നടന്നു.


Vivo V9
Dual Rear Camera



# സ്വാതന്ത്ര്യദിനം

***എല്ലാവരും രാവിലെ 8.00 മണിയോടെ സ്കൂളിൽ എത്തി. ശ്രീമതി ലീലാമണി ടീച്ചർ പതാക ഉയർത്തി .സ്വാതന്ത്ര്യദിന സന്ദേശം ശ്രീമതി മായ ടീച്ചർ നൽകി . ഹൈസ്കൂൾ വിദ്യാർത്ഥികൾ ദേശഭക്തിഗാനം ആലപിച്ചു . ദേശഭക്തിഗാന മത്സരം ഉണ്ടായിരുന്നു . L.P ,U.P, H.S ലെ കുട്ടികളാണ് മത്സരിച്ചത്.***

***ദേശിയഗാനത്തോടെ എല്ലാവരും പിരിഞ്ഞു .***



# ഓണാഘോഷം

ഓണം സമുചിതമായി ആഘോഷിച്ചു.വിവിധ തരത്തിലുള്ള കലാപരിപാടികൾ ഉണ്ടായിരുന്നു.കൊച്ചു കുട്ടികളുടെ കസേരകളി ഉണ്ടായിരുന്ന. വിഭവസമൃദ്ധമായ സദ്യ ഉണ്ടായിരുന്നു.പല വർണ്ണങ്ങളിലുള്ള വസ്ത്രങ്ങൾ ധരിച്ചാണ് കൂട്ടുകാർ എത്തിയരുന്നത്.



# ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ്




2019-21 വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് 22-6-2019 മീനടം ഗവ. ഹൈസ്കൂളിൽ നടന്നു. ആദ്യം ഈശ്വര പ്രാർത്ഥന പി.റ്റി.എ പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. കൈറ്റ് മിസ്ട്രസ് പ്രതിഭ പടനിലം ,മുൻ കൈറ്റ് മിസ്ട്രസ് ആശ ബോസ് എന്നിവർ ക്ലാസുകൾ എടുത്തു. സ്ക്രാച്ച് ഗെയിം എന്നിവയുടെ ക്ലാസുകൾ നടന്നു. ക്ലബ്ബിൽ പ്രവർത്തിക്കുന്ന കുട്ടികൾക്ക് ഈ മേഘലയിൽ വളരെ താല്പര്യം ഉണ്ടാക്കുകയും ചെയ്തു.

# Little kites സ്കൂൾതല ക്യാമ്പ്

ഒക്ടോബർ 5 ാം തീയതി little kites ഏകദിന ശില്പശാല നടത്തി . ക്യാമ്പ് നടത്താൻ MGM ളാക്കാട്ടൂരെ LITTLE KITES MASTER ആയിരുന്നു വരേണ്ടിയിരുന്നത്. എന്നാൽ അവർ അന്നേദിവസം എത്തിച്ചേരുയുണ്ടായില്ല.***ആദ്യം ഈശ്വര പ്രാർത്ഥന. പി.റ്റി.എ പ്രസിഡന്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കൈറ്റ് മിസ്ട്രസ് പ്രതിഭ പടനിലം*** അവസാന തീയതി ആയിരുന്നതിനാലും കുട്ടികളെ നേരത്തെ അറിയിച്ച് അവർ വന്നതിനാലും ഇവിടുത്തെ ***കൈറ്റ് മിസ്ട്രസ്*** ശ്രീമതി പ്രതിഭ പടനിലവും, മായ.എസ് നായരും ക്ലാസുകൾ കൈകാര്യം ചെയ്തു . scratch , animation , മുതലായ topic ആണ് അന്ന് പഠിപ്പിച്ചത് . എല്ലാ കുട്ടികളും വളരെ ഉത്സാഹത്തോടെ ആ topics പഠിക്കുകയും പിന്നീട്



എല്ലാവരും സ്വയം ചെയ്യുകയും ചെയ്തു. അന്ന് ഉച്ചയക്ക് ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുകയുണ്ടായി. ക്ലാസുകൾ നാലുമണിയോടെ അവസാനിച്ചു.




Vivo V9
Dual Rear Camera




ലിറ്റിൽ കൈറ്റ്സ് സബ്ബ് ജില്ല ക്യാമ്പ്

ലിറ്റിൽ കൈറ്റ്സ് സബ്ബ് ജില്ല ക്യാമ്പ് ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ചാണ് നടന്നത്. നമ്മുടെ സ്കൂളിൽ നിന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പോയിരുന്നു. വളരെ നല്ല ക്യാമ്പായിരുന്നു . നവംബർ 22,23 തീയതികളിൽ നടന്നു. പങ്കെടുത്ത കുട്ടികൾ ക്ലബ്ബിലെ മറ്റംഗങ്ങൾക്ക് ആനിമേഷൻ , സ്ക്രാച്ച് എന്നീ മേഖലകളിൽ പരിശീലനം കൊടുത്തു. സബ്ബ് ജില്ല ക്യാമ്പിൽ

പങ്കെടുത്ത കുട്ടികൾ വീണ, മീര. അഞ്ജന, മഞ്ജിമ എന്നിവരാണ്.

# *മാതൃശാക്തീകരണം*

മീനടം . ഗവ. ഹയർ സെക്കൻണ്ടറി സ്കൂളിൽ little kites ന്റെ നേത്രത്വത്തിൽ മാതൃശാക്തികരണപരിപാടി സംഘടിപ്പിച്ചു. ഹൈടെക്ക് ക്ലാസ്സ് മുറികൾ, ഡിജിററൽ പാഠപുസ്തകങ്ങൾ , സാമഗ്രിപോർട്ടൽ , ക്യൂ ആർ കോഡ് തുടങ്ങിയവ അമ്മാർക്കായി പരിചയപ്പെടുത്തി .

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനു അമ്മാർക്ക് സഹായം ചെയ്യാൻ കഴിയും എന്നുളളതിനാലാണ് ഇത്തരം ഒരു ക്ലാസ്സ് സംഘടിപ്പച്ചത് . ശ്രീമതി പ്രതിഭാ പടനിലമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തുത്. Head mistress ശ്രീമതി N. C. ലീലാമണി ആശംസയർപ്പിച്ചു. P. T .A പ്രസിഡന്റ് ശ്രീമതി സുബി സ്റ്റാലിൻ കൃതഞ്ജത രേഖപ്പെടുത്തി.

8,9,10, ക്ലാസ്സുകളിലെ കുട്ടികളുടെ അമ്മമാരാണ് പരിപാടിയിൽ പങ്കെടുത്തത് . നാല്പത്തിൽ പരം അമ്മമാർ ശാക്തീകരണത്തിന്റെ ഭാഗമായി . പരിപാടി വളരെ പ്രയോജന പ്രദമായിരുന്നു എന്ന് P. T. A പ്രസിഡന്റ് ശ്രീമതി സുബി സ്റ്റാലിൻ അഭിപ്രായപ്പെട്ടു .

# <u>മാതൃശാക്തീകരണം</u>



# സബ് ജില്ലാ കലോത്സവം Report

***october 21,22,23***

***മീനടം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് പാമ്പാടി സബ്ജില്ല കലോത്സവം നടത്തുകയുണ്ടായി . മുപ്പതോളം സ്കൂളുകൾ പങ്കെടുത്ത ഈ കലാമേള മൂന്നു ദിവസത്തേക്ക് മീനടം എന്ന കൊച്ചുഗ്രാമാന്തരീക്ഷത്തിന് ഉത്സവച്ഛായ നൽകി. സ്കൂൾ ഓഡിറ്റോറിയം തൊട്ടടുത്ത പള്ളികളുടെ ഒഡിറ്റോറിയങ്ങൾ എന്നിവിടങ്ങളെല്ലാം വേദികളായി നൃത്ത, നാടക, ഗാനം***

***മത്സരങ്ങൾ വിവിധ വേദികളിലായി തകർത്താടുമ്പോൾ അവയെല്ലാം***
***മീനടം സ്കൂളിലെ ലിറ്റിൽകൈറ്റ്സ്റ്റീം അംഗങ്ങൾ ക്യാമറയിൽ പകർത്തുകയുണ്ടായി .ഓരോദിവസവും രാവിലെ മുതൽ രാത്രി വളരെ വൈകിയും നീണ്ടുനിന്ന പരിപാരികളെ ക്യാമറയിൽ ഒപ്പിയെടുക്കാൻഅവർ കാണിച്ച താല്പര്യം അഭിനന്ദനാർഹമാണ് .***







പാമ്പാടി വിദ്യാഭ്യാസ ഉപജില്ല
സ്കൂൾ
കലോത്സവം
2019-20
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ മീനടം
2019 ഒക്ടോബർ 21 22 23
വേദി 4 : സെന്റ് ഇഗ്നാത്തിയോസ് ചർച്ച് പാരീഷ് ഹാൾ



***GHSS MEENADOM STAFFMEMBERS WITH MENADOM PANCHAYAT PRESIDENT AND MEMBERS***

**ബഹു.മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി കലോത്സവത്തിന് ആശംസ നൽകി.**



## ആശംസ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ




പാമ്പാടി വിദ്യാഭ്യാസ ഉപജില്ല
സ്കൂൾ
കലോത്സവം
2019-20
ചർച്ച് പാരീഷ് ഹാൾ

# കലോത്സവം സമാപന സമ്മേളനം



# പ്രതിഭയോടൊപ്പം

കോട്ടയം നഗരത്തിൽ ശാസ്ത്രി റോഡിൽ 11 കെവി ലൈനിൽ ഉണ്ടായ തീപ്പൊരി വീണു സ്വകാര്യ ചാനലുകളുടെ കേബിളുകൾ സ്ഥാപിച്ച പോസ്റ്റിനു തീ പിടിച്ചപ്പോൾ. ഇന്നലെ രാത്രി 9.30നാണ് സംഭവം. ഫയർഫോഴ്സ് എത്തി തീയണച്ചു.

# ടി.എം. ആന്റണി കൂരോപ്പട പഞ്ചായത്ത് പ്രസിഡന്റ്



**കൂരോപ്പട:** കൂരോപ്പട പഞ്ചായത്ത് പ്രസിഡന്റായി ടി.എം. ആന്റണിയെ തെരഞ്ഞെടുത്തു.

ഭരണകക്ഷിയായ യുഡിഎഫിലെ ധാരണയെത്തുടർന്ന് കോൺഗ്രസിലെ സി.എം. മത്തായി രാജിവച്ചതിന്റെ അടിസ്ഥാനത്തിലാണു തെരഞ്ഞെടുപ്പ്. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ടി.എം. ആന്റണിക്കു പത്തുവോട്ടുകളും ഇടത് സ്ഥാനാർഥി പി.എസ്. സുജാതയ്ക്ക് അഞ്ചു വോട്ടുകളും ലഭിച്ചു.

രണ്ട് ബിജെപി അംഗങ്ങൾ വോട്ട് ചെയ്തില്ല. സിഎസ്ഡിഎസ് അംഗം യുഡിഎഫിനു വോട്ട് ചെയ്തു.



മീനടം ഗവ. ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികളും അധ്യാപകരും ചേർന്നു കാഥികനും എസ്ഐയുമായ വിനോദ് ചമ്പക്കരയെ വീട്ടിലെത്തി ആദരിച്ചപ്പോൾ.

# ആദരവ് സംഘടിപ്പിച്ചു

**കോട്ടയം:** വിദ്യാലയം പ്രതിഭകൾക്ക് ഒപ്പം എന്ന പരിപാടിയുടെ ഭാഗമായി മീനടം ഗവ. ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികളും അധ്യാപകരും ചേർന്നു, കാഥികനും എസ്ഐയുമായ വിനോദ് ചമ്പക്കരയെ വീട്ടിലെത്തി ആദരിച്ചു.

4400 വേദികളിലായി കഥാപ്രസംഗം അവതരിപ്പിച്ച വിനോദ് ചമ്പക്കര നടൻ, സ്റ്റേജ് അവതാരകൻ, സംവിധായകൻ എന്നീ നിലകളിൽ കഴിവു തെളിയിച്ച പ്രതിഭയാണ്.










പ്രതിഭയോടൊപ്പം എന്ന പരിപാടി ഒരു വലിയ

കലാകരനായ സംവിധായകൻ ശ്രീ പ്രദിപ്

എം. നായരോടൊപ്പം കുട്ടികൾ ചിലവഴിച്ചു .അദ്ദേഹം,

അദ്ദേഹത്തിന്റെ ജീവീതത്തിൽ നടന്ന പ്രധാന്യം അർഹിക്കുന്ന എല്ലാകാര്യങ്ങളും കുട്ടികളുമായി

പങ്കുവച്ചു. ആദ്യം അദ്ദേഹം short film ആണ് നിര്മിച്ചത് അതിനുശേഷമാണ് വിമാനം എന്ന

വലിയ സിനിമയിലേക്ക് എത്തിപ്പെട്ടത്. വിമാനം എന്ന സിനിമയുടെ ആശയം പണ്ടുമുതൽ

അദ്ദഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നു. നല്ല നല്ല പുസ്തകങ്ങൾ വായിച്ചിട്ടുള്ള ഒരു

വ്യക്തിയാണ് അദ്ദഹം താൻ വായിച്ച കഥകളിലേയും നോവലിലേയും അറിവുകൾ അദ്ദേഹം

കുട്ടികൾക്ക് പറഞ്ഞു കൊടുത്തു നമ്മളുടെ ആഗ്രഹം കുട്ടികൾക്ക് സാധിക്കണമെറെമന്ന്

ഉണ്ടങ്കിൽ

നാം അതിനായ് കഠിന പ്രയത്നം ചെയ്യണമെന്ന് സന്ദേശം കുട്ടികൾക്ക് പറഞ്ഞു കൊടുത്തു

അദ്ദഹം ഈ

സ്കൂളിന്റെ പൂർവവിദ്യാർത്ഥി ആണ് എന്ന്

പറയുമ്പാൾ അഭിമാനം തോന്നുന്നവെന്ന് നമ്മുടെ സ്കൂളിലെ ഹെഡ് മിസ്ട്രസ് അഭിപ്രായപ്പെട്ടു

# പ്രതിഭയോടൊപ്പം

**വിദ്യാലയം പ്രതിഭകൾക്ക് ഒപ്പം എന്ന പരിപാടിയുടെ ഭാഗമായി . മീനടം . ഗവ . ഹയർ സെ ക്കണ്ടറി വിദ്യാർഥികൾ പ്രശസ്ത കാഥികൻ ശ്രീ വിനോദ് ചമ്പക്കരയെയ ആദരിച്ചു . ഏതാണ്ട് 4400 വേദികളിലായി**



**27 ൽ പരം കഥകൾ അവതരിപ്പിച്ചു കഴിഞ്ഞ ഇദ്ദേഹം നടൻ ,അവതാരകൻ , സംവിധായകൻ എന്നീ നിലകളിൽ എല്ലാം കഴിവ് തെളിയിച്ചിട്ടുള്ള ഒരു ബഹുമുഖ പ്രതിഭയാണ് .കേരള സംഗീത നാടക**

**അക്കാദമി അവാർഡ് ,വി .സാംബ ശിവൻ സ്മാരക കാഥിക പ്രതിഭ തുടങ്ങി ഒട്ടനേകം പുരസ്കാരങ്ങൾ നേടിയ ഇദ്ഹം ഒരു പോലീസ് ഓഫീസർ കൂടിയാണ് .അദ്ദേഹം കുട്ടികൾക്ക് മുൻപിൽ തന്റെ കലാസപര്യയിലെല അനുഭവങ്ങൾ പങ്കുവച്ചു .ജീവിതത്ത കുറിച്ചുള്ള കാഴ്ചപാടുകളും വർതമാന കാലത് ജീവിക്കാനുള്ള പ്രേരണയും നൽകി .വിജ്ഞാന പ്രദവും രസകരവുമായ ഒരു അനുഭവമായിരുന്നു ശ്രീ .വിനോദുമൊത്തുള്ള നിമിഷങ്ങൾ എന്ന് അധ്യാപകരും വിദ്യാർഥികളും അഭിപ്രായപ്പെട്ടു .**



## പ്രതിഭയോടൊപ്പം

ജയകൃഷ്ണൻ ഒരു നല്ല കലാകാരനും വയലിനിസ്റ്റും ആണ് .അദ്ദേഹം കുട്ടികൾക്ക് ഒരു മാതൃകയായിരുന്നു .അദ്ദേഹത്തിന്റെ

ജീവിത സാഹചര്യങ്ങൾ അദ്ദേഹം കുട്ടികളുമായി പങ്കുവച്ചിരുന്നു .വയലിനിസ്റ്റും ആകാനുള്ള കാരണം അദ്ദേഹം വ്യക്തമാക്കി അദ്ദേഹം കുട്ടിക്കാലം മുതൽ വയലിനിസ്റ്റ് ആകണമെന്നായിരുന്നു ആഗ്രഹം .കുട്ടികളുടെ ആവശ്യ പ്രകാരം  അദ്ദേഹം സംഗീതം ആലപിക്കുകയും ചെയ്തു . പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു .നമ്മുടെ സ്കൂളിലെ പൂർവിദ്യാര്ഥി ആണ് എന്ന് പറയാൻ വളരെ അഭിമാനമാണെന്ന് പറയാൻ ശ്രീമതി ലീലാമണി ടീച്ചർ പറഞ്ഞു ദേശിയ ഗാനത്തോടു കൂടി യോഗം അവസാനിച്ചു .



# പ്രതിഭയോടൊപ്പം

വിദ്യാലയം പ്രതിഭകൾക്ക് ഒപ്പം എന്ന പരിപാടിയുടെ ഭാഗമായി . മീനടം . ഗവ . ഹയർ സെ ക്കണ്ടറി വിദ്യാർഥികൾ പ്രശസ്ത കാഥികൻ ശ്രീ വിനനോദ് ചമ്പക്കരയെയ ആദരിച്ചു . ഏതാണ്ട് 4400 വേദികളിലായി



27 ൽ പരം കഥകൾ അവതരിപ്പിച്ചു കഴി ഞ്ഞ ഇദ്ദേഹം നടൻ , അവതാരകൻ , സംവിധായകൻ എന്നീ നിലകളിൽ എല്ലാം കഴിവ് തെളിയിച്ചിട്ടുള്ള ഒരു ബഹുമുഖ പ്രതിഭയാണ് . കേരള സംഗീത നാടക

അക്കാദമി അവാർഡ് , വി . സാംബ ശിവൻ സ്മാരക കാഥിക പ്രതിഭ തുടങ്ങി ഒട്ടനേകം പുരസ്കാരങ്ങൾ നേടിയ ഇദ്ഹം ഒരു പോലീസ് ഓഫീസർ കൂടിയാണ് . അദ്ദേഹം കുട്ടികൾക്ക് മുൻപിൽ തന്റെ കലാസപര്യയിലെല അനുഭവങ്ങൾ പങ്കുവച്ചു . ജീവിതത്ത കുറിച്ചുള്ള കാഴ്ചപാടുകളും വർതമാന കാലത് ജീവിക്കാനുള്ള പ്രേരണയും നൽകി . വി ജ്ഞാന പ്രദവും രസകരവുമായ ഒരു അനുഭവമായിരുന്നു ശ്രീ . വിനനോദും ഒത്തുള്ള നിമിഷങ്ങൾ എന്ന് അധ്യാപകരും വിദ്യാർഥികളും അഭിപ്രായപ്പെട്ടു .



# കവിതകൾ

കവിതകൾ

കവിതകൾ

## കുട്ടിയും തള്ളയും

**കുമാരനാശാൻ**

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,

പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;

വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ

ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി

മെല്ലെന്നു തെക്കുന്നു വീശുന്നു വായു;

ഉല്ലാസമീ നീണ്ട കൂകൂരവത്താ-

ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി

ക്ഷീണതവമോരാത്ത തേനീച്ച കാട്ടിൽ

പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-

ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-

പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം

കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-

ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-

യന്തിക്കു പൂങ്കാവിലാളേറെയായി;

സന്തോഷമേറുന്നു, ദേവാലയത്തിൽ

പൊന്തുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ

ലോകത്തിനാനന്ദമേകുന്നിതീശൻ

ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ

പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-

ലെന്തോന്നരയ്ക്കുന്ന നീ?—ഞാനറിഞ്ഞു,

"എന്താതനാം ദേവനോതുന്നതേ ഞാ-

നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

*22 ഏപ്രിൽ 1910*

# ഓമനപ്പൂവി

**പൊട്ടിക്കരയിണ്ടാൽ ഓമനപ്പൂവി**

**എന്നം കരയിണ്ടാൽ ഓമനപ്പൂവി**

**നമ്മള ഓടം കൊടുക്കിണ്ടി ബാപ്പ?**

**എന്നേ വിൽക്കിൽ ബാപ്പാ ഓടം ബില്ലായോ !**

## ലക്ഷദ്വീപിലെ നാടൻപാട്ടുകൾ

# ശ്രീദേവ് എസ്

സർഗ്ഗശേഷികൊണ്ട് ഭിന്ന ശേഷിയെ തോൽപ്പിക്കാൻ ശ്രമിക്കുന്ന ഒരു കുട്ടിയാണ് ശ്രീദേവ്. നാലര വയസ്സു മുതൽ കവിതകളും , കഥകളും മറ്റുള്ളവർക്ക് പറഞ്ഞു കൊടുത്ത് എഴുതിക്കാൻ തുടങ്ങി. ശ്രീദേവ് മീനടം.ഗവ.ഹൈസ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയാണ്




ഉയർച്ചയുടെ പടവുകളിൽ ശ്രീദേവിനൊപ്പം അമ്മയും കൂട്ടുകാരും

കഥ

# കൊയ്ത്തു പാട്ടിന്റെ ആരവം



വെള്ളിയൂർ ഗ്രാമം.
നേരം പരപരാന്നു വെളുക്കുന്നു.
രാത്രി സഞ്ചാരികളായ  ചീവീടുകളുടെ ഗാനം
പയ്യെ പയ്യെ ഇല്ലാതായി മാറിത്തുടങ്ങി. അങ്കവാലൻ
കുവി
പ്രഭാതം അറിയിക്കുന്നു .കുയിലിന്റെ വേണഗാനം

ഏഴരവെളുപ്പിനുണർന്ന് അമ്മമാർ മുറ്റമടിച്ചിട്ട് കുളിക്കാനായി തുണികളും കൈത്തണ്ടയിലിട്ടുകൊണ്ട് കുളിക്കടവിലേക്കു. പോകുന്നു.

കുളികഴിഞ്ഞുവന്ന് തുളസിത്തറയിൽ വിളക്കുവയ്ക്കു-ന്നപതിവ് ആ ഗ്രാമത്തിന്ടെ പ്രകൃതികതയാണ്

തലേന്നു പെയ്ത മഴയുടെ വെള്ളത്തുള്ളികൾ തെങ്ങോലയുടെ തുമ്പിൽ സൂര്യാകിരണങ്ങളേറ്റ മുത്തു-മണികൾ പോലെ കാണുന്നു.

വെള്ളത്തുള്ളികളിൽ സൂര്യകിരങ്ങൾ തട്ടുമ്പോൾ ത്ത തുള്ളികൾ വെട്ടിത്തിളങ്ങുന്നു.

സൂര്യൻ കോടമഞ്ഞിനെ ഇല്ലാതാക്കിക്കൊണ്ടു

ഉദിച്ചുയർന്നു.

പാടത്ത് കൊയ്ത്തുഘോഷത്തിന്

കൊടിയേറുന്നു. വയലിലെ നെൽക്കതിരുകൾ

വിളഞ്ഞു

പാകമായത് ചെറുകാറ്റടിച്ച് ഉലഞ്ഞാടുന്നു.

വയലേലകൾ പച്ചപ്പ് മാറി മഞ്ഞപ്പട്ട് വിരിച്ചതു

പോലെ തോന്നി.

മുറ്റത്ത് ചാണകത്തറ മെഴുകുന്ന അമ്മമാർ വിള-

ഞ്ഞു പാകമായ കൊയ്ത്തു കറ്റകൾ മുറ്റത്തടുക്കാനായി

തറ

ഒതുക്കുകയാണവർ.

പിന്നെ ഭക്ഷണം പാകപ്പെടുത്തുന്നു. അപ്പോഴേ-

യ്ക്കും നെല്ലുകൊയ്യാൻ പെണ്ണുങ്ങൾ പോയിത്തുടങ്ങും

അതാ നടന്നുവരുന്ന നാട്ടിലെ ഏറ്റവും വലിയ കർ-

ഷകനായ രാജു.

ഒരുതോർത്തുടുത്ത്, തലയിൽ ഒരു ചുവന്ന കരയുള്ള

വെള്ളതോർത്തും കെട്ടിയുള്ള വരവ്.

രാജു തുമ്പ മണ്ണിൽ തൊട്ടാൽ ഇളകാത്ത മണ്ണില്ല.

വിളയാത്ത വിത്തില്ല.

മുല്ലഷശ്ശേരി കുടുംബത്തിലെ ഇളം തല മുറ കൃഷിക്കാരനാണ് രാജു.

രാജുവിന്ടെ അപ്പൂപ്പന്മാർ പ്രവീണ്യം നേടിയ കൃഷിക്കാരനായിരുന്നു. രാജുവും അതുപോലെ തന്നെ.

രാജുവിന് തക്കിടിമുണ്ടൻമാരായ രണ്ടു

കാളക്കുട്ടന്മാരുമുണ്ടായിരുന്നു. അവരായിരുന്നു ആ

നാട്ടിലെ വയലുകൾ മുഴുവൻ പൂട്ടിയിരുന്നത്. രാജു

അതിന് പ്രതിഫലം ഒന്നും വാങ്ങിക്കാറില്ല.

രാജുവിന്റെ തറവാട് ഓലമേഞ്ഞ വീടായിരുന്നു

തലമുറതളായി കൈമാറിവന്ന ചത്തായപ്പുര.

കാതലുള്ള

ഈട്ടികൊണ്ട് നിർമ്മിച്ച പത്തായം. ഒരു

കുഞ്ഞു പാറ്റപോലും അരുടെ നെല്ലേൽ തൊടാത്ത

വിധത്തിൽ ഉണ്ടാക്കിയ പത്തായം.

രാജുവിന് ഒരു മോനുണ്ട്. ശേഖർ .

അവന് വലിയ എഞ്ചിനീയരാകാൻ പഠിക്കുകയാണ്.

അച്ഛൻ കൊയ്തെടുത്ത നെല്ല് വിറ്റിട്ടാണ് ശേഖർ

പഠിച്ചിരുന്നത്. ആ കാലമൊക്കെ എന്നേ

പോയ്മറഞ്ഞു.

ഇപ്പോൾ പത്തായപ്പുയാകെ ചുക്കിലി(മാറാല)

പിടിച്ച് പൂട്ടിക്കിടക്കുന്നു.

അച്ഛന്ടെ കാലം കഴിഞ്ഞപ്പോൾ അതൊന്നു

നോക്കാൻ ആരുമില്ല.

ശേഖർ തന്റെ കുട്ടിക്കാലമയവിറക്കി.

താനെത്രവലിയവനായാലും ആ പത്തായപ്പുരയും,

പത്തായവും, പൊളിച്ചു കളയില്ല.

ശേഖർ തന്റെ കുട്ടിക്കാലം

ഓർത്തു. കാളകളൊന്നുമില്ലാതെ ശൂന്യമായി

കിടക്കുന്നതൊഴുത്ത്. വെള്ളം തേവാൻ

ഉപയോഗിച്ചിരുന്ന ചക്രം ചിതലരിച്ചു കിടക്കുന്നു.

തൊട്ടടുത്തായി കലപ്പയും. ഒപ്പം അച്ഛൻ

പൂമുഖത്തിട്ടിരിക്കാറുണ്ടായിരുന്ന കവി ഞ്ച

◌ിയും

കണ്ടപ്പോൾ അറിയാതെ ശേഖറിന്റെ കണ്ണിൽ നിന്ന്

കണ്ണുനീർ ഒലച്ചിറങ്ങി.

പുല്ലു പിടിച്ചു വെള്ളം പൊങ്ങിക്കിടക്കുന്ന പാടം.

എനിക്കു രണ്ടു കൂട്ടുകാരുണ്ടായിരുന്നല്ലോ? മൺ

തുരുത്തിലെ ഗിരിും, ഗൗരിയും. സ്കൂൾ വിട്ടു

വന്നാലുടനെ

പാടത്തേക്കു പോകും. കാപ്പികുടി കഴിഞ്ഞ്.

പാടവരമ്പിലൂടെ നടക്കില്ലധികവും.

കൈത്തോട്ടിലൂടെ വെള്ളം തെറപ്പിച്ചുള്ള നടത്തം.

പാടത്തെ ചേറിൽ പെത്തുണ്ടാക്കി അതിൽ

കയറിപ്പോകുന്ന ഞണ്ടിനെ കമ്പിട്ടു കൊടുത്ത്

പിടിക്കാൻ ആദ്യം പഠിപ്പിച്ചത് ഗിരിയാണ്.

ഞണ്ടിനെ പൊത്തിൽ കമ്പിട്ടുകൊടുക്കുമ്പോൾ,

കമ്പിൽ പിടിച്ച് ഞണ്ടിറങ്ങിവരുമെന്ന വിദ്യ

പറഞ്ഞുതന്നതും ഗിരി തന്നെയാണ്.

പാടത്തിന്റെ നടുക്കുള്ള ആമ്പൽ നിറന്നു കിടക്കുന്ന

മൂലയിലുള്ള പാറയിൽ കയറിനിന്നിട്ട് എടുത്തു ചാടി

ആദ്യ ആമ്പൽ പൂവ് പറിച്ചെടുക്കുന്ന മത്സരത്തിലും

ഗിരിയാണ് ജയിക്കാറ്.

കുളികഴിഞ്ഞ് പറിച്ചെടുത്ത ആമ്പൽ പൂക്കൾ

കൊണ്ട് മാലകൾ കെട്ടിയുണ്ടാക്കിയിരുന്നതും

ശേഖറിന്റെ മനസ്സിന്റെ ഓടിയെത്തി.

അപ്പോഴേയ്ക്കും ഗൗരി അടുക്കളയിൽ നിന്നു അവിടെ

ആലോചിച്ചുകൊണ്ടരിക്കുന്നത്

ഓ...... നമ്മുടെ പഴയ കുട്ടിക്കാലം

ഓർത്തിരുന്നതാ. നമ്മുടെ അച്ഛന്റെ

പാടത്തേക്കുറിച്ചാർത്തു പോയി.

നമ്മുടെ അച്ഛന്റെ പാടം ഒന്നു

പഴയരീതിയിലാക്കണം.

മണ്ണിൽ പൊന്നുവിളയിച്ചു ജീവിക്കണമെന്നു ഞാൻ

തീരുമാനിച്ചു.

ആ പഴയ ജൈവ വള കൃഷി

രീതിയിലേക്ക് തന്നെ തിരിച്ചു പോകണം.

പത്തായപ്പുര സമ്പത്ത് സമൃദ്ധിയിൽ

അണിഞ്ഞൊരുങ്ങും. ഭിത്തിയിൽ തൂങ്ങിക്കിടക്കുന്ന

അച്ഛന്റെ ഫോട്ടോയിൽ നോക്കി ശേഖർ

തിരുമാനമെടുത്തു.

"എന്റെ സർക്കാർ ജോലി ഇനി

വേണ്ട" അരിവാൾത്തുമ്പുകൾ കതിരുകൾ കൊയ്യും.

കലപ്പയും, ചക്രവും, ഇരിക്കുന്നിടത്തേക്കു ചെന്നിട്ടു

ശേഖർ കലപ്പയും ,ചക്രവും ഉറ്റു നോക്കിക്കൊണ്ട്

പറഞ്ഞു. ഇപ്പോൾ നിങ്ങളുടെ ഉപയോഗം കഴിഞ്ഞു.

ഈ കാലഘട്ടത്തിന് ആവശ്യമില്ല. എന്നാലും

നിങ്ങളെ

ഞാൻ അച്ഛന്റെ ഓർമ്മക്കായി സൂക്ഷിച്ചുവയ്ക്കും.

ഗൗരി നമ്മുടെ പാടത്ത് പണ്ടത്തെപ്പോലെ

ഞണ്ടും, ഞവിണിയും,പൊടിമീനുകളും, കൊക്കും

ഒക്കെയായ് പുനർജനിപ്പിക്കണം നമുക്ക്

രചന

ശ്രീദേവ് എസ്

# കാളകൾ

തോളത് ഘനം ളുങ്ങും വണ്ടിതൻ തണ്ടും
പേറിക്കാളകൾ മന്ദം മിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാടം പീണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പു കുനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും , സ്യജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള-
ക്കാലത്തിൻകരാളമം പാതകൾ

താണ്ടിത്തണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ

നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത ലപ്രഹരം
സഹിക്കയാൽ

പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.

ഒട്ടേരെക്കാലം വമുമ്പിലച്ചെറുപഞ്ഞക്കടിൽ-

ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം

മുതൽ, ലക്ഷ്യമെ,ങ്ങറിയാതെ, മൃത്യുവിൻ

ഭയാനകശിക്ഷയിൽബ്ഭയം പീണ്ടുകാൽക്ഷണം

പതറാതെ, ജീവിതം

കയറ്റിയോരുൽക്കടബ്ഭാരം  തിങ്ങു- മാവണ്ട

വലിക്കയാണിസ്സാധു നാലിൽ നാശിൽ! ഗ്രാമ

വീഥിയിൽ, നേരം നെളുക്ക,ക്കടം

പേറി,ത്താമരക്കുളം നോക്കിക്കന്യമാർ

ഗമിക്കുമ്പോൾപുഞ്ചയ്ക്കു നെള്ളം തേവും

കൃഷിക്കാർതൻശുദ്ദമാം നെഞ്ചൂകൾ

സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ, ഉച്ചയ്ക്കു

വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ്

സ്യച്ഛനിദ്രയിൽ മുങ്ങിപ്പഥികർ

ശയിക്കുമ്പോൾ;

ചാഞ്ഞിടും കരിക്കൊടിവള്ളിയിലൂഞ്ഞാലാടി-

*ക്കാഞ്ഞിരമരത്ത്കോൗപ്പിൽ തത്തകൾ ചിലയ്ക്കുമ്പോൾ, അന്തിയിൽ, വിഷക്കാവിൽ,*

വെളിച്ചമകറ്റുവാൻ ദുർമ്മന്ത്രവാദം ചെയ്യും

മൂങ്ങകൾ മന്ത്രളീടുമ്പോൾ,

അകലെക്കുന്നിൻമോളിൽ,രാത്രിതൻ

ഗുഹകളെയലറും തെണ്ടിപ്പട്ടി 'യോളി' യാൽ

നിരയ്ക്കുമ്പോൾകണ്ടിടാറുണ്ടു ഞാനാക്കിഴവൻ

വണ്ടിക്കാരൻ വണ്ടിയും

തെളിച്ചുകൊണ്ടങ്ങിങ്ങു

ചരിപ്പതായ്. മിണ്ടുകില്ലൊന്നും തന്നെ മിളിയും

ചുണ്ടും ; വണ്ടിത്തണ്ടന്റെ ദയാർഹമാം

ഞരക്കം മാത്രം കേൾക്കാം. കാളകൾ

ചരിക്കുന്നല മന്ദമായ്; 'ത്തെളിക്കുന്ന കാള'

യുംവ ചലിക്കുന്നിതാവിധമെന്നും തന്നെ!

ഒട്ടറെയപൂർവമായ്ക്കേട്ടിടാം, വണ്ടിക്കാരൻ-

# *സർഗ്ഗശേഷിയും ഭിന്നശേഷിയും*

കോട്ടയം ജില്ലയിൽ മീനടം വില്ലേജിൽ ശ്രീമംഗലത്ത് ശ്രീ സുഗതൻ . പി. ആർ ന്റെയും ശ്രീമതി പുഷ്പസുഗതന്റെയും ഇളയപുത്രനായി 2004 ൽ സെപ്റ്റംബർ 22ാം തീയതി ശ്രീദേവ് ജനിച്ചു . ജ്യേഷ്ഠ സഹോദരൻ ശ്രീജിത്ത് .

***ഒന്നാം ക്ലാസ്സ് മുതൽ മീനടം G .H.S.S ൽ വിദ്യാർത്ഥിയാണ് ശ്രീദേവ്. ഇപ്പോൾ 9ാം ക്ലാസ്സിൽ പഠിക്കുന്നു . സർഗ്ഗശേഷികൊണ്ട് ഭിന്ന ശേഷിയെ തോൽപ്പിക്കാൻ ശ്രമിക്കുന്ന ഒരു കുട്ടിയാണ് ശ്രീദേവ്. നാലര വയസ്സ് മുതൽ കവിതകളും , കഥകളും മറ്റുള്ളവർക്ക് പറഞ്ഞു കൊടുത്ത് എഴുതിക്കാൻ തുടങ്ങി .***

***എന്നാൽ ഇപ്പോൾ കഥകൾ , കവിതകൾ , ലേഖനങ്ങൾ , നുറുങ്ങുചിന്തകൾ , കഥാപ്രസംഗം , ഓട്ടൻതുള്ളൽ , നാടകങ്ങൾ , യാത്രവിവരണങ്ങൾ , നോവൽ , തുടങ്ങിയ മേഖലയിൽ കഴിവ്***




***തെളിയിക്കുന്നു .***

ഇപ്പോൾ ഏതാണ്ട് 400 ഓളം കവിതകളും ,300 ൽ പരം കഥകളും രചിച്ചിട്ടുണ്ട് .

<u>പ്രസിദ്ധീകരിച്ച കൃതികൾ</u>

| കൃതി | പ്രസാധകർ | വർഷം |
|---|---|---|
| 1.മണിമുത്തുകൾ (കഥകൾ,കവിതകൾ) | കോട്ടയം ഡയറ്റ് യൂണിറ്റി ഫോർ | 2012 |
| 2.മയിൽപ്പീലികൾ (കഥ,കവിതകൾ) | സോഷ്യൽ ആക്ഷൻ മീനടം | 2013 |
| 3 മഞ്ഞുവീണപ്പൂക്കൾ (കഥകൾ) | കാവ്യ കലാസാഹിത്യ വേദി മീനടം | 2015 |
| 4.യുവവനം (ബാലനോവൽ) | s.p.c.s കോട്ടയം | 2015 |
| 5.യുവവനം (2-ാം പതിപ്പ്) | " | 2018 |
| 6.യുവവനം (രണ്ടാംഭാഗം) | " | |

## അവാർഡുകൾ

1.U.N.C.R.C -നൽകിയ അച്ചീവ്മെന്റ് അവാർഡ് -2014


2.കുഞ്ഞുണ്ണിമാഷ് പുരസ്കാരം -2017

3.J.C.I അവാർഡ് (കോട്ടയം) -2014


4.ഉജ്വലബാല്യം അവാർഡ് -2017


(കേരള സർക്കാർ സാമൂഹിക ക്ഷേമ വകുപ്പ്,മാതൃശിശു വകുപ്പ് ഏർപ്പെടുത്തിയ സാഹിത്യത്തിനുള്ള പ്രഥമപുരസ്കാരം.)

മീനടം ph :9656961538



# .ചിത്ര രചന (ഫെജിൻ, ജിജോ)





നന്ദിയോടെ

# LITTLE KITES ശലഭങ്ങൾ

1. ADITHYA MOL  P.J
2. SANDRA MOL SABU
3. VEENA . S
4. MEERA .V. OMANAKUTTAN
5. APARNA MADHU
6. LAKSHMI.P.A
7. ANAGHA  ANIL KUMAR
8. GOURI . GANESH . KUMAR
9. ANILA MOL THOMAS
10. MANJIMA  ANDREWS
11. ANJANA . T. S
12. AJITH V . B
13. JISS MANOJ
14. ANAND BAIJU
15. SREEJITH KUMAR
16. BITTO BINO JHON
17. ALBY STALIN
18. SREEDEV . S.
19. SHIVAPRASAD
20. JOSPHE IPE MATHEW

സമർപ്പിക്കുന്നു